# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2416 05.11.2019- ൽ മറുപടിക്ക്

## ആർ.സി.ഇ.പി കരാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | | ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) | ആർ.സി.ഇ.പി കരാർ സംസ്ഥാനത്തിന്റെ വ്യവസായ മേഖലയെ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | എ), ബി), & സി) | ആർ.സി.ഇ.പി കരാറിൽ ഇന്ത്യ ഒപ്പ് വച്ചാൽ രാജ്യത്തിന്റെ കാർഷിക ക്ഷീര മത്സ്യബന്ധന വാണിജ്യ മേഖലകളിൽ കടുത്ത പ്രതിസന്ധികൾ സൃഷ്ടിക്കുമെന്ന ആശങ്ക രാജ്യത്താകമാനം ഉയർന്നുവരികയാണ്. വ്യവസായ രംഗത്തെ സംബന്ധിച്ച് വലിയ തോതിലുള്ള ഭീഷണിയാണ് ഇതിലൂടെ ഉയർന്നു വരുന്നത്. ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഉല്പന്നങ്ങൾ ഇന്ത്യൻ മാർക്കറ്റിൽ കെട്ടിക്കിടക്കാൻ ഇടവരുകയും അത് സൂക്ഷ്മ ചെറുകിട ഉല്പന്നങ്ങളുടെ വിപണിയെ സാരമായി ബാധിക്കും എന്നുറപ്പാണ്. സംസ്ഥാനം വാണിജ്യ പുരോഗതയ്ക്കായി "Commerce Mission" സ്ഥാപിക്കുകയും MSME ഉല്പന്നങ്ങൾക്ക് സ്വദേശത്തും വിദേശത്തും വിപണി കണ്ടെത്താൻ ശ്രമിക്കുന്ന സമയത്ത് RCEP കരാർ ഇടത്തരം ചെറുകിട ഉല്പാദകരെയും സംസ്ഥാനത്തെ മിക്ക പൊതുമേഖലാ സ്ഥാപനങ്ങളെയും ഗൗരവതരമായി ബാധിക്കും. കൂടാതെ ഭക്ഷ്യ ഉല്പാദന വ്യവസായ മേഖല, സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി എന്നിവയിൽ നിന്നുള്ള വരുമാനം വളരെയധികം താഴെ പോകുകയും ഈ മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉടലെടുക്കുകയും ചെയ്യും.<br><br>ഈ സാഹചര്യത്തിൽ കരാറിനെതിരെ അഭിപ്രായ രൂപീകരണത്തിന് കൃഷി വകുപ്പ് മുൻകൈയെടുത്ത് മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, വ്യവസായം എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോട് കൂടി 28.10.2019 ന് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ കൃഷി |
| ബി) | കരാർ നടപ്പിലാക്കിയാൽ ഉണ്ടാകുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാനും പരിഹരിക്കാനും വകുപ്പുതലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | |
| സി) | കരാർ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്രത്തെ അറിയിക്കാൻ പ്രത്യേക മന്ത്രിതല സംഘത്തെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | | |

| | | | |
|---|---|---|---|
| | | | വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യം, ജലവിഭവം, മത്സ്യബന്ധനം, മൃഗസംരംക്ഷണം, ക്ഷീരവികസനം, വ്യവസായം എന്നീ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിലും 'ആർ.സി.ഇ.പി കരാറും കേരളവും' എന്ന വിഷയത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും ഉണ്ടായി.<br><br>ഇന്ത്യയ്ക്ക് അനുകൂലമല്ലാത്ത വ്യവസ്ഥകൾ അംഗീകരിക്കരുത് എന്നും രാജ്യത്തെ സാധാരണ ജനങ്ങളുടെ മേൽ അധിക ഭാരം ഏൽപ്പിക്കുന്ന ഈ കരാർ ഒപ്പ് വയ്ക്കാനുള്ള ആലോചനകളിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറണമെന്നുമഭ്യർത്ഥിച്ചുകൊണ്ട് ഈ സമ്മേളനം ഐകകണ്ഠേന പ്രമേയം പാസ്സാക്കുകയുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ